11278
28/10/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഓർഫനേജ് കൺട്രോൾ ബോർഡ് - 2014-15 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ഇൻ എയ്ഡ് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ. (സാധാ)നം.645 /2014/സാനീവ തിരുവനന്തപുരം , തീയതി,25.10.14

==========================================================

പരാമർശം : 1. 21.05.2014 ലെ സ.ഉ.(സാധാ) 376/14/സാനീവ

2. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 12.09.2014 ലെ ഒസിബി1/10739/12 നമ്പർ കത്ത്.

**ഉത്തരവ്**

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചെലവുകൾക്കായി നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 14,28,000/-രൂപ (പതിനാല് ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിലവിലുള്ള 2283/1 എന്ന PD അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2014-15 സാമ്പത്തിക വർഷം വകയിരുത്തിയതിൽ 2235-02-104-89 (NP) 31 Grant -in -Aid Salary യിൽ തുടർന്ന് അനുവദിക്കാനുള്ള തുകയായ 10,40,000/- രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബാക്കി ചെലവുകൾക്കായി PD അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-104-89 (NP) 31 Grant -in -Aid Salary ശീർഷകത്തിൽ നിന്നും 5,00,000 രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ടും ടി തുക ബോർഡ് ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിലവിലുള്ള 2283/1 എന്ന PD അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21.10.2014 ലെ 84941/ww2/14/Fin പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവരം പൊതുജന സമ്പർക്ക വകുപ്പ്, (പ്രസിദ്ധീകരണത്തിന്)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ